## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1415** — **21.03.2012-ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമബോർഡിന്റെ 'യുവശക്തി' പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | | **കുമാരി പി.കെ.ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)** |
| (എ) | യുവജനക്ഷേമബോർഡിന്റെ 'യുവശക്തി' പദ്ധതിയുടെ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | തൽക്കാലം പരിഗണനയിലില്ല. |
| (ബി) | ഇപ്പോൾ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന യൂത്ത് കോ -ഓർഡിനേറ്റർമാരുടെ ഓണറേറിയം എത്ര രൂപയാണ് ; | (ബി) | 1500/- രൂപയാണ് |
| (സി) | യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ; ഇതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ ? | (സി) | യുവജനക്ഷേമ ബോർഡ് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് യുവശക്തി. ഈ പദ്ധതിയുടെ ഭാഗമായി നിലവിൽ വന്ന യൂത്ത് സെന്ററിന്റെയും, യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നേതൃത്വപരമായ പങ്ക് വഹിക്കുകയാണ് യുത്ത് കോ-ഓർഡിനേറ്റർമാരുടെ ചുമതല. പഞ്ചായത്ത് യൂത്ത് സെന്റർ മുഖേന യൂത്ത് കോ-ഓർഡിറേറ്റർമാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് യുവശക്തി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയും ഉപദേശക സമിതിയുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് വിവിധതൊഴിൽ പരിശീലന ബോധവത്ക്കരണ പരിപാടികളും, വിദ്യാഭ്യാസ, കാർഷിക പരിപാടികളും നടന്നുവരുന്നു. ഇതിന് കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.